"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ചിറയിൻകീഴ് എസ്.എസ്.വി.ബി. എച്ച്.എസ്. സ്കൂളിലെ ഫുൾ ടൈം മീനിയൽ ശ്രീ എസ്. സച്ചിൻ -ന്റെ, നിയമനാംഗീകാരം - റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3988/2026/GEDN തീയതി,തിരുവനന്തപുരം, 17-06-2026

---

പരാമർശം:-
1. നോബിൾ ഗ്രൂപ്പ് ഓഫ് സ്കൂൾസ് മാനേജരുടെ 14.02.2026 തീയതിയിലെ റിവിഷൻ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20.03.2026 തീയതിയിലെ ഇടി5/4262/2026/ഡിജിഇ നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

ചിറയിൻകീഴ് നോബിൾ ഗ്രൂപ്പ് ഓഫ് സ്കൂൾസിനു കീഴിലുള്ള ചിറയിൻകീഴ് എസ്.എസ്.വി.ബി.എച്ച്.എസ്. സ്കൂളിൽ എഫ്.റ്റി.എം. റഗുലർ ഒഴിവിൽ നിയമിക്കപ്പെട്ട ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ശ്രീ.എസ്. സച്ചിൻ-ന്റെ നിയമനം അംഗീകരിച്ച് നൽകണമെന്നാവശ്യപ്പെട്ട് കൊണ്ട് മാനേജർ പരാമർശം (1) പ്രകാരം റിവിഷൻ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്.

2. പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. എസ്.എസ്.വി. ബോയ്സ് ഹൈസ്കൂളിലെ എഫ്.റ്റി.എം ആയി 01.06.2023 മുതൽ തുടർന്ന് വന്നിരുന്ന ശ്രീ ഹാറൂൺ എ. ഹക്കിം 07.02.2024 മുതൽ രാജിവച്ച ഒഴിവിൽ ശ്രീ സച്ചിൻ എസ്. -നെ 02/06/2025 മുതൽ മാനേജർ നിയമിച്ചു. ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ചുവടെ പരാമർശിച്ചിരിക്കുന്ന അപാകതകൾ കാരണം ടി നിയമനം നിരസിച്ച് നൽകുകയുണ്ടായി.

- നിയമന തീയതിയായ 02/06/2025 നിയമന ഉത്തരവിൽ എവിടെയും സൂചിപ്പിച്ചിരുന്നില്ല. ചിറയിൻകീഴ് എസ്.എസ്.വി.ജി. എച്ച്.എസ്-ലെ എഫ്.റ്റിഎം ആയി അംഗീകാരം ഇല്ലാതെ തുടർന്ന് വന്ന ശ്രീ അഖിൽ എം. 31.05.2023-ൽ ജോലി ഉപേക്ഷിച്ച് പോയ ഒഴിവിൽ ശ്രീ എസ്.സച്ചിനെ 06.05.2024 മുതൽ ടി സ്കൂളിൽ എഫ്.റ്റി.എം തസ്തികയിൽ നിയമിച്ചിരുന്നുവെങ്കിലും 2024-25 ലെ തസ്തിക നിർണ്ണയത്തിൽ കുട്ടികളുടെ കുറവ് മൂലം ടി സ്കൂളിലെ ഒരു എഫ്.റ്റി.എം തസ്തിക നഷ്ടപ്പെടുകയും തത്ഫലമായി ഇതേ മാനേജ്മെന്റിന് കീഴിലുള്ള എസ്.സി.വി.ബി. എച്ച്.എസ്.-ലെ അംഗീകാരം ഇല്ലാതെ തുടർന്ന് വന്ന ശ്രീ ഹാറൂൺ എ.ഹക്കിം രാജിവച്ച ഒഴിവിൽ 15.07.2024 മുതൽ ക്രമീകരിച്ച് മാനേജരുടെ ഉത്തരവായിട്ടുണ്ട്. ശ്രീ എസ്.സച്ചിന്റെ 06.05.2024 മുതലുള്ള നിയമനത്തിന് അംഗീകാരം ലഭിച്ചിട്ടില്ല. അതിനാൽ ടിയാനെ 15.07.2024 മുതൽ ക്രമീകരിച്ച മാനേജരുടെ നടപടി അംഗീകരിക്കാൻ കഴിയില്ല. ശ്രീ ഹാറൂൺ എ.ഹക്കിം -ന്റെ 01/06/2023 മുതലുള്ള എഫ്.റ്റി.എം നിയമനത്തിന് അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ ശ്രീ എസ്.സച്ചിനെ നിയമിച്ചിരുന്ന 02/06/2025 മുതലുള്ള എഫ്.റ്റി.എം തസ്തിക വ്യവസ്ഥാപിതമല്ലായിരുന്നു.
- ശ്രീ എസ്.സച്ചിനെ നിയമിച്ചിരിക്കുന്ന ഒഴിവാണ് മാനേജർ ഭിന്നശേഷി ഉദ്യോഗാർഥിക്കായി മാറ്റി

വച്ചിരിക്കുന്നത്.

- ശ്രീ എസ്.സച്ചിന്റെ ഭിന്നശേഷി തെളിയിക്കുന്ന രേഖകൾ നിയമന പ്രൊപ്പോസലിനൊപ്പം സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സ്പെഷ്യൽ എംപ്ലോയ്മെന്റിൽ നിന്നും ലഭ്യമാകുന്ന ശ്രീ എസ്. സച്ചിൻ ഉൾപ്പെടുന്ന ലിസ്റ്റോ, ടിയാനെ ഇന്റർവ്യൂ നടത്തി നിയമിച്ചതിന്റെ രേഖകളോ പ്രൊപ്പോസലിനൊപ്പം സമർപ്പിച്ചിട്ടില്ല. ഭിന്നശേഷി വിഭാഗം എംപ്ലോയ്മെന്റിൽ മാനേജർ സമർപ്പിച്ച റിക്വസിഷൻ ഫോറം നൽകുകയോ കൈപറ്റ രസീത് ഹാജരാക്കുകയോ ചെയ്തിരുന്നില്ല. എന്നാൽ ഇപ്പോൾ സമന്വയ വഴി കാറ്റഗറി 3 ലെ പ്രസ്തുത ഒഴിവ് ഭിന്നശേഷി സംവരണം പാലിക്കുന്നതിനായി മാനേജർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ എസ്.സച്ചിനെ ഭിന്നശേഷിക്കായി മാറ്റി വച്ച ഒഴിവിൽ നേരിട്ട് മാനേജർ നിയമിച്ചത് നിലവിലെ നിയമവ്യവസ്ഥകൾക്കു എതിരാണ്.
- ശ്രീ ഹാറൂൺ എ. ഹക്കിം രാജിവച്ച രേഖകൾ പ്രൊപ്പോസലിനൊപ്പം സമർപ്പിച്ചിരുന്നില്ല.

നിലവിൽ ശ്രീ ഹാറൂൺ എ.ഹക്കിം -ന്റെ നിയമനം ഭിന്നശേഷി സംവരണ നിയമത്തിനു വിധേയമായി ടിയാൻ ജോലി ചെയ്തിരുന്ന കാലയളവായ 01/06/2023 മുതൽ 07.02.2024 വരെ ദിവസവേതനാടിസ്ഥാനത്തിൽ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടി ഉത്തരവ് നമ്പർ 86/47784/2023 തീയതി 31/01/2026 പ്രകാരം അംഗീകരിച്ച് നൽകിയിട്ടുണ്ട്. അതിനാൽ ശ്രീ എസ്.സച്ചിനെ 02/06/2025 മുതൽ നിയമിച്ചിരിക്കുന്ന എഫ്.റ്റി.എം തസ്തിക വ്യവസ്ഥാപിതമായിട്ടുണ്ട്. ശ്രീ എസ്. സച്ചിന് 48% Intellectual Disability തെളിയിക്കുന്ന രേഖകൾ പ്രൊപോസലിനൊപ്പം സമർപ്പിച്ചിട്ടുണ്ട് എന്ന് ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഭിന്നശേഷി വ്യവസ്ഥകൾ പാലിക്കാതെയുള്ള ശ്രീ എസ്. സച്ചിന്റെ നിയമനം റെഗുലർ ശമ്പള സ്കെയിലിൽ പരിഗണനാർഹമല്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്ത മേൽ പരാമർശിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ചിറയിൻകീഴ് എസ്.എസ്.വി.ബി.എച്ച്. എസ്.എസ്.ലെ ഫുൾ ടൈം മീനിയൽ ശ്രീ എസ്. സച്ചിൻ -ന്റെ നിയമനം റഗുലർ സ്കെയിലിൽ പരിഗണിക്കാനാവില്ല. ഹർജി നിരസിച്ച് അപ്രകാരം മാനേജർ സമർപ്പിച്ചിരിക്കുന്ന റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അപ്സര ടി ടി
അണ്ടർ സെക്രട്ടറി

മാനേജർ, നോബിൾ ഗ്രൂപ്പ് ഓഫ് സ്കൂൾസ്, ചിറയിൻകീഴ് - 695 304
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (S2/41/2026-G.EDN)

ഉത്തരവിൻ പ്രകാരം
Signed by
Sobha D
സെക്ഷൻ ഓഫീസർ
Date: 17-06-2026 12:44:27

പകർപ്പ്: പൊതുവിദ്യാഭ്യാസ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.